## പതിനഞ്ചാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2440 27.02.2023 ൽ മറുപടിനൽകേണ്ടത്.**

## സംസ്ഥാന ജി.എസ്.റ്റി. വകുപ്പിലെ ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ.

| ചോദ്യം<br>ശ്രീ. യു.എ.ലത്തീഫ് | | മറുപടി<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ജി.എസ്.ടി കമ്മീഷണറേറ്റിൽ നിലവിൽ ഡെപ്യൂട്ടി കമ്മീഷണർ (പേഴ്സണൽ ഡിവിഷൻ) തസ്തികയിൽ ജോലി ചെയ്തു വരുന്ന ഉദ്യോഗസ്ഥൻ ഇതിന് മുമ്പ് തിരുവനന്തപുരത്ത് ഇന്റലിജൻസ് ഓഫീസർ സ്ക്വാഡ്-5 ൽ ജോലി ചെയ്തു വരവേ ടിയാന് എതിരായി നിരവധി പരാതികൾ ഉണ്ടെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പരാതികൾ അന്വേഷിച്ച അഡീഷണൽ കമ്മീഷണർ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടിക്ക് ശുപാർശ ചെയ്തു കൊണ്ട് ടാക്സസ് സെക്രട്ടറിക്ക് 28.12.2018 ൽ റിപ്പോർട്ട് സമർപ്പി ച്ചിട്ടുണ്ടോ; എങ്കിൽ ടി റിപ്പോർ ട്ടിലെ കണ്ടെത്തലുകളിന്മേൽ | (ബി) | ഇതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടത്തി CT/20421/2017-A5 തീയതി 28.12.2018 കത്ത് പ്രകാരം റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരായ പരാതികളെല്ലാം വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താത്ത വ്യാജ പരാതികളാണെന്ന് കണ്ടെത്തിയ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീക രിച്ചു എന്ന് വ്യക്തമാക്കുമോ; | | തിന്റെയും കൂടാതെ അനധികൃത സ്വത്ത് സമ്പാദനം വിജിലൻസ് വകുപ്പ് അന്വേഷിക്കുന്നുണ്ട് എന്നതിനാലും ടിയാനെതിരെ വകുപ്പുതല നടപടിക ളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. |
| (സി) | ടാക്സസ് (ഡി) ഡിപ്പാർട്ട്മെന്റിൽ ഇത് സംബന്ധിച്ചുള്ള ഫയലി ന്റെ നമ്പർ ലഭ്യമാക്കുമോ; | (സി) & (ഡി) | ഡി1/89/2018–നികുതി നമ്പർ ഫയൽ. |
| (ഡി) | ടി ഫയലിന്റെ നോട്ട് ഫയൽ, ഡ്രാഫ്റ്റ് നടപടിക്രമങ്ങൾ എന്നി വയുടെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (ഇ) | നികുതി വകുപ്പിൽ പുനക്രമീകര ണവുമായി ബന്ധപ്പെട്ട് നടന്ന സ്ഥലം മാറ്റങ്ങളിൽ ജീവന ക്കാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലം മാറ്റിയെ ന്നുള്ള പരാതികൾ ലഭിച്ചിട്ടു ണ്ടോ; എങ്കിൽ പരാതികൾ പരി ഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീക രിച്ചെന്ന് വ്യക്തമാക്കുമോ? | (ഇ) | ജി.എസ്.ടി നിയമം നിലവിൽ വന്നതിനു ശേഷം ഇന്ത്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുനഃസംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. നികുതി ദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലെയും ഓഫീസുകളും ജീവനക്കാ രുടെ sanctioned strength-ഉം നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂടുന്നതിനോ കുറയുന്നതിനോ കാരണമായിട്ടുണ്ട്. പുനഃ സംഘടനയുടെ ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേക്ക് ജീവനക്കാരെ പുനർ വിന്യസിക്കേണ്ടി വന്നു. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും, അനുകമ്പാർഹമായ മറ്റു കാര്യങ്ങൾ പരിഗണിച്ചും; നികുതി പിരിവു കാര്യക്ഷമമാകുന്നതിനു അനുയോ ജ്യരായ ഉദ്യോഗസ്ഥരെ പരിഗണിച്ചുമാണ് പുനർ വിന്യാസം പൂർത്തിയായിട്ടുള്ളത്. സമയ ബന്ധിത മായി ജീവനക്കാരുടെ പുനർ വിന്യാസം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കേണ്ടി വന്നപ്പോൾ ജീവനക്കാർക്കുണ്ടായ ചെറിയ അസൗകര്യങ്ങളും പരാതികളും പരിശോധിച്ച് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ